**ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിലെ അപാകത

ശ്രീ. രമേശ് ചെന്നിത്തല: സർ, നിയമസഭാ ചട്ടം 73 പ്രകാരം 'പണചെലവ് അന്തർഭവിക്കുന്ന ബില്ലിനോട്ടുകൂടി ഒരു ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതാണ്. അത്, ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും, ബിൽ നിയമമായി പാസ്സാക്കുന്ന പക്ഷം ഉൾക്കൊള്ളുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പു ചെലവുകൂടി അതിൽ നൽകേണ്ടതും ആകുന്നു.' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ 5-ാം ഖണ്ഡം പ്രകാരം, പ്രധാന ആക്ടിലെ 7-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ പ്രകാരം സുരക്ഷാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതും സി.സി.ടി.വി. ക്യാമറ, മറ്റ് സുരക്ഷാ സാമഗ്രികൾ, കൺട്രോൾ റൂമുകൾ, അലാറം സിസ്റ്റം എന്നിവ ആശുപത്രികളിൽ സ്ഥാപിക്കുന്നതിനായി സർക്കാരിന്റെ

സഞ്ചിതനിധിയിൽനിന്നും കൃത്യമായ ചെലവുണ്ടാകുമെങ്കിലും ഈ ഘട്ടത്തിൽ ചെലവ് കൃത്യമായി കണക്കാക്കാൻ കഴിയില്ലായെന്നത് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത് നിയമസഭാ ചട്ടം 73-ന്റെ നിബന്ധനകൾക്ക് വിരുദ്ധമാണ്. 2014 ജൂൺ 10-ാം തീയതി 2014-ലെ സർവ്വകലാശാല നിയമഭേദഗതി ബില്ലിന്റെ നിയമനിർമ്മാണത്തിന്റെ ചർച്ചാവേളയിൽ ഈ ബില്ലിനോടൊപ്പം നൽകിയിരുന്ന ധനകാര്യ മെമ്മോറാണ്ടം ക്രമപ്രകാരമല്ലാത്തതിനാൽ പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം സഭയിൽ വയ്ക്കണമെന്ന് ക്രമപ്രശ്നം ഉന്നയിച്ചുകൊണ്ട് ഒരു അംഗം ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിൽ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർ ജി. കാർത്തികേയൻ റൂളിംഗ് നൽകുകയുണ്ടായി.

മി. സ്പീക്കർ: ഓർഡർ...ഓർഡർ....സഭ ഓർഡറാകണം.. പ്ലീസ്....പ്ലീസ്.... വളരെ ഗൗരവമേറിയ, ബേണിംഗ് ആയ ഒരു ഇഷ്യുവിന്റെ പേരിലാണ് ഓർഡിനൻസ് നിയമമാക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ ഫ്ലോർ ഓർഡറിൽ ഇരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സഞ്ചിതനിധിയിൽനിന്നും ചെലവുണ്ടാകുന്നില്ലെങ്കിലും നിയമസഭാ ചട്ടം അനുശാസിക്കുംപ്രകാരം

ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി മതിപ്പു ചെലവ് സഭയെ അറിയിക്കുന്നതായിരിക്കും ഉചിതമെന്നും പുതുക്കിയ ധനകാര്യ മെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിനുമുൻപ് അംഗങ്ങളുടെ അറിവിലേക്ക് സർക്കുലേറ്റ് ചെയ്യണമെന്നുമാണ് അന്നത്തെ ബഹുമാന്യനായ സ്പീക്കർ ജി. കാർത്തികേയൻ റൂളിംഗ് നൽകിയത്. ഈ പശ്ചാത്തലത്തിൽ 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിന്റെ കാര്യത്തിലും നിയമസഭാ ചട്ടം അനുശാസിക്കുന്ന പ്രകാരം ഈ ബില്ലിലെ സെക്ഷൻ 7-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് മതിപ്പുചെലവ് കണക്കാക്കി പുതിയ ധനകാര്യ മെമ്മോറാണ്ടം ബിൽ പരിഗണിക്കുന്നതിന് മുൻപായി അംഗങ്ങളുടെ അറിവിലേക്ക് സർക്കുലേറ്റ് ചെയ്യണമെന്ന് അങ്ങ് റൂൾ ചെയ്യണമെന്നാണ് എന്റെ ക്രമപ്രശ്നം.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഈ കരട് നിയമത്തിന്റെ 3-ാം ഖണ്ഡം (iii)-ാം ഉപഖണ്ഡത്തെ സംബന്ധിച്ച് ഒരു ക്രമപ്രശ്നം ഉന്നയിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. അതിൽ ഇന്ത്യൻ പീനൽ കോഡിലെ 320-ാം വകുപ്പ് പരാമർശിക്കുന്നു. ഇന്ത്യൻ പീനൽ കോഡിലെ 320-ാം വകുപ്പുപ്രകാരമുള്ള

അതികഠിന പരിക്ക് (causes grievous hurt), അത്തരത്തിലൊരു കുറ്റം ചെയ്താൽ എന്താണ് ശിക്ഷയെന്ന് ഈ നിയമത്തിൽ പറയുകയാണ്. ഇന്ത്യൻ പീനൽ കോഡിലെ ഒരു കുറ്റത്തെ സംബന്ധിച്ചുള്ള ശിക്ഷ ഇന്ത്യൻ പീനൽ കോഡിൽതന്നെയുള്ളപ്പോൾ മറ്റൊരു രൂപത്തിൽ ഒരു ശിക്ഷ ഈ നിയമത്തിൽ പറയുന്നത് ഒരു പിശകായിത്തന്നെ തോന്നുകയാണ്. പരസ്പര വിരുദ്ധമായി വരികയാണെങ്കിൽ കേന്ദ്ര നിയമമാണ് പ്രഭാവത്തിൽ വരിക. repugnant ആയിവരുന്ന സംസ്ഥാന നിയമങ്ങൾ അസാധുവാകും എന്നാണ് അനുച്ഛേദം 251 പറയുന്നത്. എന്താണ് ആ പൊരുത്തക്കേട് എന്നുള്ളതുമാത്രം സൂചിപ്പിക്കാം; പ്രധാനമായും ഇന്ത്യൻ പീനൽ കോഡിൽ മിനിമം ശിക്ഷ പറയുന്നില്ല, എന്നാൽ ഇവിടെ മിനിമം ശിക്ഷ പറയുന്നു എന്നതാണ് പ്രധാനമായുള്ളത്. അതേസമയം ഇന്ത്യൻ പീനൽ കോഡിലെ 325-ൽ പറയുന്ന ശിക്ഷയുടെ പിഴ നിജപ്പെടുത്തിയിട്ടില്ല. നിജപ്പെടുത്താത്തിടത്തോളം കാലം ഇന്ത്യൻ പീനൽ കോഡ് 61-ാം വകുപ്പുപ്രകാരം എത്രവേണമെങ്കിലും പിഴയാകാം. ഇവിടെ നമ്മൾ പിഴ നിജപ്പെടുത്തുകയാണ്. ഐ.പി.സി. 333-ാം വകുപ്പിൽ ഇങ്ങനെ ദേഹോപദ്രവം ഏൽപ്പിക്കപ്പെടുന്ന വ്യക്തി ഒരു പബ്ലിക് സെർവന്റാണെങ്കിൽ ശിക്ഷ വേറെ പറയുന്നുണ്ട്. അത് 10 വർഷം

വരെ കഠിന തടവാണ്. അതിൽ ഏതുവിധത്തിലുള്ള തടവും ആകാം. ഇവിടെ നമ്മൾ അത് 7 വർഷമായി നിജപ്പെടുത്തുകയാണ്. ഈ നിയമത്തിൽ പ്രത്യേകമായി ഐ.പി.സി. 320-ാം വകുപ്പുപ്രകാരമുള്ള കുറ്റമെന്നു പറയുമ്പോൾ അത് കേന്ദ്ര നിയമവുമായി repugnance വരുന്നുണ്ട്. അങ്ങനെ വന്നുകഴിഞ്ഞാൽ നമ്മൾ പാസ്സാക്കുന്ന നിയമത്തിന്റെ ആ ഭാഗം വോയിഡ് ആയിമാറുമെന്നുള്ള ഒരു ക്രമപ്രശ്നമാണ്. ഇത് ഒരു തടസ്സവാദമെന്ന നിലയിലല്ല, എന്നാൽ ഈ പ്രശ്നം സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുമ്പോൾ ക്ലിപ്തപ്പെടുത്താൻവേണ്ടി അങ്ങ് റൂളിംഗ് നൽകണമെന്നതാണ് എന്റെ ആവശ്യം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, രണ്ട് പരിണിതപ്രജ്ഞരായിട്ടുള്ള നിയമസഭാ അംഗങ്ങളും രണ്ട് വിഷയങ്ങളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് സഭയിൽ ഉന്നയിച്ചിരിക്കുന്നത്. ധനകാര്യ മെമ്മോറാണ്ടം അവതരിപ്പിച്ചപ്പോൾ ഒരു നിശ്ചിത തുക അതിൽ ക്വാട്ട് ചെയ്തിട്ടില്ലെന്നുള്ള വിഷയമാണ് ബഹുമാന്യനായ ശ്രീ. രമേശ് ചെന്നിത്തല ചട്ടം 73 ഉദ്ധരിച്ചുകൊണ്ട് പറഞ്ഞിരിക്കുന്നത്. 2023-ലെ കേരള ആരോഗ്യരക്ഷാ സേവന

പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബില്ലിന്റെ ഖണ്ഡം 5 പ്രകാരം സർക്കാരിന് ഔദ്യോഗിക ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചില കാര്യങ്ങളിൽ പ്രത്യേക ചട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുന്നതാണ്. അതാണ് അദ്ദേഹം ഇവിടെ ഉദ്ധരിച്ചത്. സുരക്ഷാ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരെ നിയമിക്കൽ, സി.സി.ടി.വി. ക്യാമറ, മറ്റ് സുരക്ഷാ സാമഗ്രികൾ/ഉപകരണങ്ങൾ സ്ഥാപിക്കൽ, കൺട്രോൾ റൂമുകൾ, അലാറം സിസ്റ്റംസ് മുതലായവ ഏർപ്പെടുത്തൽ, തല്പരകക്ഷികളെ അറിയിക്കേണ്ട പ്രധാനപ്പെട്ട വിവരങ്ങൾ പ്രദർശിപ്പിക്കൽ, അതുകൂടാതെ ഡോക്ടർമാർ, മറ്റ് ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ മുതലായവർ എങ്ങനെ സംരക്ഷിക്കപ്പെടണമെന്നതും എങ്ങനെ അവർ പെരുമാറണമെന്നതും സംബന്ധിച്ചുമുള്ള പ്രോട്ടോക്കോളുകൾ തയ്യാറാക്കൽ മുതലായ കാര്യങ്ങൾക്ക് ചട്ടം ഉണ്ടാക്കാവുന്നതാണെന്നാണ് ഈ ഭേദഗതിയിലൂടെ നമ്മൾ കൊണ്ടുവരുന്നത്. ഈ നിയമത്തിൻ കീഴിൽ ചട്ടങ്ങൾ ഉണ്ടാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുമ്പോൾ ഇത്തരം സംവിധാനമില്ലാത്ത ആശുപത്രികളിൽ അധിക ചെലവ് വരുമെന്നകാര്യം

ബില്ലിലെ ധനകാര്യമെമ്മോറാണ്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നത്, പ്രസ്തുത കാര്യങ്ങൾ സർക്കാർ ഘട്ടം ഘട്ടമായിട്ടാണ് നടപ്പിലാക്കുന്നത്. ആയതിന് സർക്കാരിന്റെ സഞ്ചിതനിധിയിൽനിന്നും ചെലവുണ്ടാകുന്നതാണ് എന്നാൽ ഇതിനായി എത്ര തുക ചെലവ് വരുമെന്ന് ഈ ഘട്ടത്തിൽ കണക്കാക്കാൻ കഴിയുകയില്ലായെന്നുള്ളതാണ്. ഇതിൽ ഓരോ ഘടകവും സംബന്ധിച്ച് അതിനാവശ്യമായി വരുന്ന ചെലവ് കണക്കാക്കുന്നതിന് സമയമെടുക്കുമെന്നുള്ളതാണ് വസ്തുത. സർക്കാരിന്റെ സഞ്ചിതനിധിയിൽ നിന്ന് മാത്രമല്ല, ഹോസ്പിറ്റൽ ഡെവലപ്മെന്റ് ഫണ്ട്, എച്ച്.എം.സി., അല്ലെങ്കിൽ സി.എസ്.ആർ. ഫണ്ടുകൾ, ഇതെല്ലാം ഉപയോഗിച്ചുകൊണ്ട്....... സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുക അല്ലെങ്കിൽ മറ്റ് സേഫ്റ്റി ഇൻസ്ട്രുമെന്റ്സ് സ്ഥാപിക്കുകയൊക്കെ ചെയ്യേണ്ടതായി വരും. അത് ചെയ്തിട്ടുമുണ്ട്. ഒട്ടേറെ സ്ഥാപനങ്ങളിൽ അങ്ങനെ നിലവിലുണ്ടുതാനും. ഇതുകൂടാതെ ഭരണഘടനയുടെ 207(3) പ്രകാരം ഈ ബില്ലിന്റെ പരിഗണനയ്ക്ക് ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശിപാർശയും ലഭ്യമായിട്ടുണ്ട്. ആ ശിപാർശ സഹിതമാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ

ഘട്ടത്തിൽ ഈ ബില്ലിന് അവതരണാനുമതി നൽകണമെന്നാണ് അഭ്യർത്ഥിക്കുന്നത്. അതുകൂടാതെ വളരെ പ്രധാനപ്പെട്ടൊരു കാര്യം കൂടിയുണ്ട്. ഇത്തരത്തിലുള്ള ബില്ലുകൾ, സമാനമായിട്ടുള്ള സാഹചര്യം ഇതിനുമുൻപ് സഭയിൽ അവതരിപ്പിച്ചപ്പോൾ അതിന് അവതരണാനുമതി നൽകികൊണ്ടുള്ള റൂളിംഗുകളും ഉണ്ട്. 1976-ലെ കേരള ടോൾസ് ബില്ലിന്റെ അവതരണവേളയിൽ ചെലവ് സംബന്ധിച്ച വ്യക്തതയില്ലായെന്ന ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. അന്ന് ബില്ലിലെ വ്യവസ്ഥകൾ നടപ്പാക്കുമ്പോൾ വേണ്ടിവരുന്ന ചെലവ് മുൻകൂട്ടി തിട്ടപ്പെടുത്താൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് സർക്കാരിന്റെ നിലപാട് അദ്ധ്യക്ഷൻ അംഗീകരിക്കുകയാണ് ചെയ്തത്. 1999-ലെ കേരള ലോകായുക്ത ബില്ലിന്റെ അവതരണവേളയിലും സമാനമായിട്ടുള്ള ചെലവുകൾ വ്യക്തമല്ലായെന്ന ക്രമപ്രശ്നം ഉന്നയിക്കപ്പെട്ടു. 2005-ലെ കേരള ചൂതാട്ട ഭേദഗതി ബില്ലും, 2005-ലെ കേരള ലോട്ടറികളിന്മേലുള്ള നികുതി ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയ്ക്കണമെന്ന പ്രമേയം ചർച്ച ചെയ്യവേ സമാനമായിട്ടുള്ള ക്രമപ്രശ്നം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് നേരത്തെയുള്ള റൂളിംഗുകൾകൂടി പരിഗണിച്ചുകൊണ്ട്, ഇങ്ങനെയൊരു ഓർഡിനൻസ് സംസ്ഥാന സർക്കാർ

കൊണ്ടുവരാൻ ഇടയായൊരു സാഹചര്യവും അതിന്റെ സദുദ്ദേശ്യവും ലക്ഷ്യവും ഈ സഭ പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഘട്ടം ഘട്ടമായി വരുന്ന ഈ ചെലവ് ഒറ്റയടിക്ക് നിശ്ചയിക്കാൻ കഴിയാത്ത സാഹചര്യത്തിൽ, ഭരണഘടനയുടെ 207(3) അനുച്ഛേദപ്രകാരം ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ലഭ്യമാക്കിയ സാഹചര്യത്തിൽ ഈ ബില്ലിന് അവതരണാനുമതി നൽകണമെന്നുള്ളതാണ് ബഹുമാന്യനായ രമേശ് ചെന്നിത്തല ഉന്നയിച്ച ക്രമപ്രശ്നത്തിന് എനിക്ക് പറയാനുള്ളത്. ബഹുമാന്യനായ അംഗം മാത്യു ടി. തോമസ് ഉന്നയിച്ച വിഷയം സംബന്ധിച്ചാണ് എനിക്ക് രണ്ടാമത് വിശദീകരിക്കാനുള്ളത്. അദ്ദേഹം പ്രധാനമായി രണ്ട് കാര്യങ്ങൾ പറഞ്ഞു, അതായത്, ഇന്ത്യൻ പീനൽ കോഡിലെ ശിക്ഷാ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു സംസ്ഥാന നിയമസഭയ്ക്ക് നിയമം നിർമ്മിക്കാൻ കഴിയുമോയെന്ന ക്രമപ്രശ്നമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ടിനുള്ള ഭേദഗതിയാണ് 2023-ലെ ഇതുസംബന്ധിച്ചുള്ള ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. ഒരു കേന്ദ്ര

നിയമത്തിൽ നിർവ്വചിച്ചിരിക്കുന്ന കുറ്റകൃത്യത്തിനുള്ള ശിക്ഷയെക്കുറിച്ച് ഇന്ത്യൻ ശിക്ഷാ നിയമം സെക്ഷൻ 320 ഉദ്ധരിച്ചുകൊണ്ടാണ് അദ്ദേഹം സംസാരിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സെക്ഷൻ എന്നത് ഒരു ഡെഫനിഷനാണ്, Grievous hurt എന്നതിന്റെ നിർവ്വചനമാണ് അതിൽ സൂചിപ്പിച്ചിരിക്കുന്നത്. അങ്ങനെ ചെയ്താലുള്ള ശിക്ഷയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത് IPC Section 325-ൽ ആണ്. പ്രസ്തുത സെക്ഷൻ പെനാൽട്ടിയെക്കുറിച്ചും തടവുശിക്ഷയെക്കുറിച്ചും പറയുന്നുണ്ട് - "shall be punished with imprisonment of either description for a term which may extend to seven years, and shall also be liable to fine" . അതായത് നമ്മുടെ ബില്ലിലെ ഭേദഗതി കേന്ദ്രനിയമത്തിലെ ശിക്ഷാ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നില്ല എന്നതാണ് ഒരു പോയിന്റ്. മറ്റൊരു കാര്യം എന്തിനാണ് ഈ നിയമം കൊണ്ടുവരുന്നത് എന്നാണ്? ഇത്തരം കുറ്റകൃത്യങ്ങൾക്ക് ഒരു മിനിമം പിഴയും മിനിമം ശിക്ഷയും ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അത്തരത്തിലുള്ള ശിക്ഷാ നടപടികൾക്കായി സ്റ്റേറ്റിന് ഇങ്ങനെ ഒരു നിയമം കൊണ്ടുവരാൻ അധികാരമുണ്ടോ എന്നതാണ് അടുത്ത വിഷയം. Public Health, Public

Order എന്നിവ ഉൾപ്പെടുന്നത് സ്റ്റേറ്റ് ലിസ്റ്റിലാണ്. സ്റ്റേറ്റ് ലിസ്റ്റിൽ വരുന്ന ഒരു വിഷയത്തിൽ പ്രത്യേക നിയമമുണ്ടാക്കുന്നതിനും നിയമലംഘനങ്ങൾക്ക് ശിക്ഷ കൊണ്ടുവരുന്നതിനും സംസ്ഥാനത്തിന് അധികാരമുണ്ടെന്ന് എൻട്രി 64 -ൽ പറഞ്ഞിട്ടുമുണ്ട്. പബ്ലിക് സെർവന്റിന് ഐ.പി.സി.-യിൽ നൽകിയിരിക്കുന്ന പരിരക്ഷ ഈ നിയമം വന്നാൽ ആരോഗ്യ പ്രവർത്തകർക്ക് ലഭിക്കില്ലെന്നുള്ളതാണ് അടുത്ത വിഷയമായി പറഞ്ഞിരിക്കുന്നത്. എന്നാൽ പബ്ലിക് സെർവന്റിന് ഐ.പി.സി.-ൽ നൽകിയിരിക്കുന്ന പരിരക്ഷ ഈ നിയമം പ്രാബല്യത്തിൽ വന്നാലും ലഭിക്കുമെന്നാണ് ഞാൻ കാണുന്നത്. " The General Clauses Act, 26-ൽ Provision as to offences punishable under two or more enactments" സംബന്ധിച്ച് വ്യവസ്ഥയുണ്ട്. ആ പരിരക്ഷയും ആരോഗ്യപ്രവർത്തകർക്കും ലഭിക്കും. അതുകൂടാതെ കേന്ദ്ര നിയമമായ Criminal Procedure Code Section 4(2), 5 എന്നിവ പ്രകാരം പ്രത്യേകം ശിക്ഷാവ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിനും അവ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിനും വ്യവസ്ഥയുണ്ട് എന്നുള്ളതും ഇതിനൊപ്പം കാണേണ്ടതുണ്ട്. ഒരു വിഷയം കൂടി ഇതിന്റെ ഭാഗമായി വരുന്നുണ്ട്, " ഒരു പൊതുനിയമവും

ഒരു സ്പെഷ്യൽനിയമവും (സ്പെഷ്യൽ നിയമം എങ്ങനെയായിരിക്കുമെന്ന് പറഞ്ഞുകഴിഞ്ഞു) നിലവിലുണ്ടെങ്കിൽ അത് എങ്ങനെയായിരിക്കുമെന്നത് 'legal maxim'-ൽത്തന്നെ വിശദമാക്കിയിട്ടുണ്ട്. " Generalia stands for general and Specialibus stands for special. Thus, when interpreted, it means that general laws do not prevail over special laws or, the general does not distract from specifics" എന്ന് പറയുന്നതിനാൽ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച് വ്യക്തതയുണ്ടെന്നതും കാണേണ്ടതുണ്ട്. Generalia Specialibus Non Derogant എന്ന മാക്സിമിനകത്തും ഇക്കാര്യം പറയുന്നുണ്ട്. ഞാൻ സൂചിപ്പിച്ച ഇക്കാര്യങ്ങളുടെയെല്ലാം അടിസ്ഥാനത്തിൽ ഈ ബില്ലിന് അവതരണാനുമതി നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മാത്യു ടി. തോമസ് ഉന്നയിച്ച തടസ്സവാദം വളരെ പ്രസക്തമാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അതിന് മറുപടി പറഞ്ഞെങ്കിലും പ്രസ്തുത വാദം നിലനിൽക്കുന്നതല്ല, കാരണം Indian Penal Code ഒരു കേന്ദ്രനിയമമായതിനാൽ അതിന് repugnent ആയ ഒരു ശിക്ഷാവ്യവസ്ഥ

സ്പെഷ്യൽ ആക്ടിലോ സംസ്ഥാന നിയമത്തിലോ നമുക്ക് കൂട്ടിച്ചേർക്കാൻ കഴിയില്ല. ശിക്ഷാ വ്യവസ്ഥകൾ വയ്ക്കുമ്പോൾ മുകളിൽ നിൽക്കുന്നത് കേന്ദ്രനിയമമാണ്. ഈ വിഷയം സൂചിപ്പിക്കുന്നത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സെക്ഷൻ 320, സെക്ഷൻ 325 എന്നിവയാണ്. സെക്ഷൻ 325-ൽ Penel Punishment -നെക്കുറിച്ച് പറയുന്നത് സെക്ഷൻ 320 -നെ അടിസ്ഥാനമാക്കിയാണ്. IPC Section 325 -ൽ പറയുന്ന Penalty ഒരു സംസ്ഥാന നിയമസഭ നിയമം കൊണ്ടുവന്ന് ലിമിറ്റ് ചെയ്യാൻ ശ്രമിക്കുകയാണ്. ലിമിറ്റ് ചെയ്യുകയെന്നാൽ "Law of Repugnancy" അവിടെ നിലനിൽക്കും. അത് നിലനിൽക്കുക എന്നത് മാത്രമല്ല, ആ കാര്യം ഗൗരവത്തോടെ ചർച്ചചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വിശദീകരിച്ച രണ്ടാമത്തെ ഭാഗം ബഹുമാനപ്പെട്ട അംഗം മാത്യു ടി. തോമസ് സൂചിപ്പിച്ച വിഷയം സംബന്ധിച്ചുള്ളതാണ്. അദ്ദേഹം വളരെ സൂക്ഷ്മമായി ബില്ലുകൾ വായിക്കുന്ന വ്യക്തിയായതുകൊണ്ട് ഉന്നയിച്ചിരിക്കുന്നത് വളരെ പ്രസക്തമായ ഒരു പോയിന്റാണ്. എന്തായാലും ഒരു അക്കാഡമിക് എക്സർസൈസ്

എന്നരൂപത്തിൽത്തന്നെ അതിനെ കണക്കാക്കാവുന്നതാണ്. അദ്ദേഹം ഉന്നയിച്ച സംശയം ഭരണഘടനയുടെ ആർട്ടിക്കിൾ 251 നിലനിൽക്കുമോ, ഇല്ലയോ എന്നതാണ്. കേന്ദ്രനിയമവും സംസ്ഥാനനിയമവും തമ്മിൽ ഒരു വൈരുദ്ധ്യം വന്നാൽ കേന്ദ്രനിയമമേ നിലനിൽക്കുകയുള്ളൂ എന്നാണ് പ്രസ്തുത ആർട്ടിക്കിളിൽ പറയുന്നത്. കാര്യങ്ങൾ വകുപ്പുമന്ത്രി വിശദീകരണത്തിൽ പറഞ്ഞുകഴിഞ്ഞു. Generalia specialibus non derogant എന്ന Latin Maxim പറയുന്നത് " General law yields to special law should they operate in the same field on same subject" . ഒരേ മേഖലയിലെ ഒരേ വിഷയത്തെ സംബന്ധിച്ചാണ് General law -ഉം Special law-ഉം കൈകാര്യം ചെയ്യുന്നതെങ്കിൽ General law yields to special law, whether it is passsed by Parliament or Assembly, ഇതാണ് പറഞ്ഞത്.

ശ്രീ. മാത്യു ടി. തോമസ്: പൊതുതത്വത്തെപ്പറ്റി ഇവിടെ തർക്കമില്ല, എന്നാൽ നമ്മുടെ ഈ സംസ്ഥാന നിയമത്തിൽ IPC 320 എന്ന പദം ഉപയോഗിച്ചിരിക്കുകയാണ്. അതായത്, കേന്ദ്രനിയമത്തിലെ ഒരു വകുപ്പുതന്നെ പ്രസ്തുത നിയമത്തിൽ ചേർക്കുന്നുവെന്നതാണ് ചൂണ്ടിക്കാണിച്ചത്.

<u>ശ്രീ. പി. രാജീവ്</u>: സർ, ഇതുസംബന്ധിച്ചുള്ള നിർവ്വചനങ്ങൾ IPC -ൽ ആണ് പറയുന്നത്. IPC ഈ മേഖലയിലെ ശിക്ഷയുമായി ബന്ധപ്പെട്ട് എങ്ങനെ നിൽക്കുന്നുവെന്ന് നോക്കണം. അങ്ങ് പറഞ്ഞതിൽ ഒരു ഭാഗം ഒറ്റനോട്ടത്തിൽ ശരിയാണെന്ന് തോന്നാം. 'Public Servant' എന്ന് പറയുമ്പോൾ രണ്ട് ഭാഗം വരും, ഒന്ന് ഗവൺമെന്റ് സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ Public Servant -ആണ്, എന്നാൽ അതേ നിർവ്വചനത്തിൽ പ്രൈവറ്റ് സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ ഉൾപ്പെടില്ല. അതുകൊണ്ട് പ്രത്യേക ഉദ്ദേശ്യത്തോടെ ഒരു ബിൽ കൊണ്ടുവരുമ്പോൾ പൊതുനിയമത്തിലുള്ളത് ബാധകമാക്കാൻ കഴിയില്ല. അതായത്, Public Servant ആണെങ്കിൽ IPC 333 നിലനിൽക്കും. അത് ഈ നിയമത്തിലെ മറ്റ് വ്യവസ്ഥകളോട് ചേർത്ത് വയ്ക്കാം. ഇതുസംബന്ധിച്ച Concept -ൽ ഒരേ കുറ്റത്തിന് രണ്ട് നിയമങ്ങൾ സമാനമായി പരാമർശിക്കുന്നുവെങ്കിൽ രണ്ട് വിചാരണകൾ പാടില്ലെന്നേയുള്ളൂ. Public Servant -ന് എതിരെയാണ് കുറ്റമെങ്കിൽ ഈ നിയമത്തോട് ചേർത്തുവച്ച് കൈകാര്യം ചെയ്യുമ്പോൾ അതേ കുറ്റത്തിന് രണ്ട് നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിൽ അതെടുക്കാൻ പാടില്ലെന്നതാണ് പൊതുവേ അംഗീകരിക്കപ്പെട്ട തത്വം. ഇവിടെ ശിക്ഷ

എന്നതിൽ 7 വർഷം ജയിൽശിക്ഷ എന്നത് രണ്ട് നിയമത്തിലും ഒരുപോലെയാണ്, തർക്കം വന്നിരിക്കുന്നത് പിഴ ഈടാക്കുന്നതിലാണ്. ഇതുസംബന്ധിച്ച് സുപ്രീകോടതിയുടെ വിവിധങ്ങളായ വിധികളുമുണ്ട്. ഉദാഹരണത്തിന് ടാക്സിൽ ഫൈൻ ഈടാക്കുന്നത് സംബന്ധിച്ച കോടതി വിധികളുണ്ട്. Sarabjit Rick Singh v. Union of India-ൽ ബഹു. സുപ്രീംകോടതി ഇങ്ങനെ വ്യക്തമാക്കി The Act is a special statute. It shall, therefore, prevail over the provisions of a general statute like the Code of Criminal Procedure. അതായത്, Cr.PC -ൽ പറയുന്നതിന് മുകളിലാണ് സംസ്ഥാന നിയമത്തിനകത്തുള്ള ശിക്ഷ നിൽക്കുന്നതെന്ന് അതിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ കൃത്യമായിത്തന്നെ വകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

മി. സ്പീക്കർ: ഓർഡർ ... ഓർഡർ... ഇതുസംബന്ധിച്ച് ചെയർ ഇപ്പോൾ റൂളിംഗ് നടത്തുന്നുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, നാട്ടിൽ എല്ലാവർക്കുമുള്ള ഒരു സംശയം ചോദിക്കുകയാണ്, റൂളോ, ചട്ടമോ സംബന്ധിച്ചുള്ളതല്ല. ഈ നിയമമനുസരിച്ച് ആരോഗ്യപ്രവർത്തകരോട് മോശമായി

സംസാരിച്ചാൽപ്പോലും വലിയ ശിക്ഷ പറയുന്നുണ്ട്. എല്ലാം ശരിതന്നെ, ഡോക്ടർമാർക്കും ജീവനക്കാർക്കും ഈ നിയമംമൂലം സംരക്ഷണം കൊടുക്കുന്നുണ്ട്, എന്നാൽ രോഗിക്കും ജനങ്ങൾക്കും ഈ നിയമംകൊണ്ട് ഏതെങ്കിലും തരത്തിലുള്ള സംരക്ഷണമുണ്ടോ? നിയമത്തിലൂടെ അവർക്ക് എന്തെല്ലാം സംരക്ഷണം നൽകുമെന്ന് മന്ത്രി വ്യക്തമാക്കണം.

മി. സ്പീക്കർ: അത് ബില്ലിന്റെ ചർച്ചവേളയിൽ വിശദമായി പറയാവുന്നതാണ്.

(റൂളിംഗ്)